**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെന്റുകളിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർ അധിവസിക്കുന്ന സെറ്റിൽമെന്റുകൾ സ്ഥിതിചെയ്യുന്ന വനമേഖലകളിൽ വിവിധ സർക്കാർ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനായി ഏതൊക്കെ നിയമാവലികളാണ് നിലവിലുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വനമേഖലകളിൽ വിവിധ സർക്കാർ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമം, 1961-ലെ കേരള വനനിയമം, 2006-ലെ വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights), വിവിധ പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവ നിലവിലുണ്ട്. |
| (ബി) | വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെന്റുകളിലേക്ക് ടാറിട്ട റോഡുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമതടസ്സം ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെൻറുകളിലേയ്ക്ക് വനസംരക്ഷണ നിയമം, വനാവകാശ നിയമം എന്നിവയിലെ നിബന്ധനകൾ പാലിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് തടസ്സങ്ങളില്ല |
| (സി) | വനമേഖലകളിൽ സ്ഥിതിചെയ്യുന്ന സെറ്റിൽമെന്റ് പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിന് റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പലപ്പോഴും വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (സി) | വനം മേഖലകളിൽ അടിസ്ഥാന സൗകര്യവികസനം നടത്തുന്നതിന് റോഡുകൾ, കെട്ടിടങ്ങൾ എന്നിവ നിയമാനുസൃതം നിർമ്മിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ